# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -147 27.02.2017 ൽ മറുപടിയ്ക്ക്

### ന്യൂന പക്ഷ വനിതകൾക്ക നേരെയുള്ള അക്രമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഒ. രാജഗോപാൽ | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ന്യൂനപക്ഷ മോർച്ച നേമം മണ്ഡലം ജനറൽ സെക്രട്ടറി ശ്രീമതി.ആഷാ ഷെറിനെതിരെ സി.പി.എം അനുഭാവികൾ നടത്തിയ അക്രമം സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ: | (എ) പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) ഡി.ജി.പി യ്ക്ക് നേരിട്ട് നൽകിയ പരാതിയിന്മേൽ നാളിതുവരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്: | (ബി) പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ട്. തിരുവനന്തപുരം പൂജപ്പുര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 67/17 u/s 294(b), 323, 324, 354, 506(i) & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും 1-ാം പ്രതിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതുമാണ്. തുടർന്ന് 17/01/2017 തീയതി തമ്പി, സാബു എന്നിവർ പരാതി കക്ഷിയുടെ വീട്ടുവളപ്പിൽ അതിക്രമിച്ച് കയറി നാശനഷ്ടം വരുത്തിയതിലേയ്ക്ക് പൂജപ്പുര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 91/17 u/s 447, 427, 506(i) & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് 2-ാം പ്രതിയെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. പ്രസ്തുത രണ്ട് കേസുകളും അന്വേഷണത്തിലാണ്. |
| (സി) ഈ സർക്കാർ വന്നതിനു ശേഷം വനിതകൾക്ക നേരെ പ്രത്യേകിച്ച് ന്യൂനപക്ഷ വനിതകൾക്ക നേരെയുള്ള അക്രമങ്ങൾ വർദ്ധിച്ചതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഈ വിഷയത്തിൽ എന്തു നടപടി സ്വീകരിച്ചു എന്നു വിശദമാക്കാമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.